## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ 314 — 13/10/2011 - ൽ മറുപടിയ്ക്ക്

## ശിക്ഷ കഴിഞ്ഞ തടവുകാരുടെ മോചനം

ചോദ്യം — ഉത്തരം

ശ്രീ.സി.മോയിൻകുട്ടി:
ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.എം.ഉമ്മർ

ശ്രീ. ഉമ്മൻ ചാണ്ടി:
( മുഖ്യമന്ത്രി)

| | |
|---|---|
| (എ) തടവുകാർക്ക് ശിക്ഷ കഴിഞ്ഞ് മോചിതരാകാൻ പൂർത്തിയാക്കേണ്ട കാലാവധി സംബന്ധിച്ച് പൊതുനയം രൂപീകരിക്കുന്ന നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) തടവുകാരുടെ ജയിൽ മോചനം സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കേണ്ട ആവശ്യമില്ല. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും പൊതുനയമോ, മാനദണ്ഡമോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് നിയമാനുസൃത ശിക്ഷാകാലാവധി പൂർത്തിയാക്കാത്ത തടവുകാരെ മോചിപ്പിക്കുകയുണ്ടായോ;എങ്കിൽ എത്രപേരെ മോചിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ; | (സി) മുൻ സർക്കാരിന്റെ കാലത്ത് 580 ജീവപര്യന്തം തടവുകാരെ ശിക്ഷാകാലാവധിയിൽ ഇളവ് നൽകി വിടുതൽ ചെയ്യുകയുണ്ടായി. |

| | |
|---|---|
| (ഡി) ഇവരെ മോചിപ്പിച്ച മാനദണ്ഡപ്രകാരം മോചനം ലഭിക്കേണ്ട മറ്റു തടവുകാരുടെ കാര്യം പരിഗണിക്കപ്പെട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) മുൻ സർക്കാർ ജീവപര്യന്തം തടവുകാരുടെ മോചനം പരിശോധിച്ചപ്പോൾ ജയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നൽകിയ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ സർക്കാർ പരിശോധിച്ചതിനുശേഷം മോചിപ്പിക്കാൻ ഉത്തരവ് നൽകുകയും ചെയ്യാതിരുന്ന പല തടവുകാരും സർക്കാരിലും കോടതി മുഖാന്തിരവും പരാതികൾ നൽകിയിട്ടുണ്ട്. ഇത്തരം തടവുകാരുടെ കേസുകൾ ജയിൽ ചട്ടങ്ങൾ 543 പ്രകാരം നിലവിലുള്ള ജയിൽ ഉപദേശക സമിതി മുഖാന്തിരം പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ